# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം.കെ.എസ്.എ.ഐ.ഡി.കെ.9/595/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 31/03/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഐ.ഡി.കെ.9/595/2020 തീയ്യതി: 31/03/2021

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-07-2019 മുതൽ 17-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബേബി സനൂജ | ഡെപ്യൂട്ടി ഡയറക്ടർ | 01-03-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-07-2020 | 17-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.കെ. അഭിലാഷ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനിറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഏലിക്കുട്ടി മാണി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. കിഷോർ കെ.എസ്. | സെക്രട്ടറി | 01-04-2019 | 02-12-2019 |
| ശ്രീമതി. എ.ആർ ഉഷ | സെക്രട്ടറി | 03-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രിയമോൾ തോമസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. കെ.ജെ. ജോബി | വെറ്ററിനറി സർജൻ | 01-04-2019 | 01-01-2020 |
| ഡോ. ജയ്സൺ ജോർജ്ജ് | വെറ്ററിനറി സർജൻ | 02-01-2020 | 31-03-2020 |
| ഡോ. സ്മിത ആർ മേനോൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. എം. ബിന്ദു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 05-05-2019 |
| ഡോ. എം. ബിന്ദു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 25-05-2019 | 14-08-2019 |
| ഡോ. എം. ബിന്ദു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 31-07-2019 | 31-03-2020 |
| ഡോ. ജിത്തു സി സോമൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 06-05-2019 | 21-05-2019 |
| ഡോ. ജിത്തു സി സോമൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 15-07-2019 | 30-07-2019 |
| ഡോ. മിനി മോഹൻ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2019 | 31-03-2020 |
| ശ്രീ. പി. നാരായണൻ നമ്പൂതിരി | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-05-2019 |
| ശ്രീമതി.മിനിമോൾ ജോസഫ് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-06-2019 | 15-08-2019 |
| ശ്രീമതി. റിനു തോമസ് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 16-08-2019 | 31-03-2020 |
| ശ്രീമതി. കെ. ശ്രീദേവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി. കെ. ബുഷറ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 01-02-2020 |

| | | | |
|---|---|---|---|
| ശ്രീ. കുട്ടിച്ചൻ എം, കല്ലട | അസിസ്റ്റന്റ് എഞ്ചിനീയർ | 02-02-2020 | 31-03-2020 |
| ശ്രീമതി.ബിനു തോമസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 11-06-2019 |
| ശ്രീമതി. ജൂലി എം. ജോസഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12-06-2019 | 10-12-2019 |
| ശ്രീമതി. ജെസ്സി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പുറപ്പുഴ സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി. ആശ ശ്രീധരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വഴിത്തല സർക്കിൾ) | 01-04-2019 | 05-10-2019 |
| ശ്രീമതി. എസ്. മായാമോൾ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വഴിത്തല സർക്കിൾ) | 06-10-2019 | 31-03-2020 |
| ശ്രീമതി. പി,എസ്. സുഷമ | ഹെഡ് മാസ്റ്റർ | 01-04-2019 | 29-06-2019 |
| ശ്രീമതി. കെ.കെ. ഉഷ | ഹെഡ് മാസ്റ്റർ | 30-06-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 26-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 26-03-2021) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 26-03-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 26-03-2021) | 1-4 |
| 5 | വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്തതിന് സ്റ്റാസ് റിപ്പോർട്ട് അവലംബമാക്കുന്നില്ല<br>Written By: V G Sajimon (Audit Officer, On 27-02-2021)<br>Last Updated By: V G Sajimon (Audit Officer, On 26-03-2021) | 1-4-1 |
| 6 | വർക്കിംഗ് ഗ്രൂപ്പുകൾ/മോണിറ്ററിംഗ് സമിതികൾ<br>Written By: V G Sajimon (Audit Officer, On 27-02-2021)<br>Last Updated By: V G Sajimon (Audit Officer, On 26-03-2021) | 1-4-2 |
| 7 | ഗ്രാമസഭകൾ<br>Written By: V G Sajimon (Audit Officer, On 27-02-2021)<br>Last Updated By: V G Sajimon (Audit Officer, On 26-03-2021) | 1-4-3 |
| 8 | വികസന സെമിനാർ<br>Written By: V G Sajimon (Audit Officer, On 27-02-2021)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-4-4 |
| 9 | സ്റ്റാന്റിംഗ് കമ്മിറ്റികൾ<br>Written By: V G Sajimon (Audit Officer, On 27-02-2021)<br>Last Updated By: V G Sajimon (Audit Officer, On 26-03-2021) | 1-4-5 |
| 10 | ഭരണസമിതി<br>Written By: V G Sajimon (Audit Officer, On 27-02-2021)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-4-6 |
| 11 | വാർഷികപദ്ധതി നിർവഹണം<br>Written By: V G Sajimon (Audit Officer, On 27-02-2021)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-4-7 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-5 |
| 13 | ക്യാഷ് പരിശോധന<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-6 |
| 14 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-7 |
| 15 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-8 |
| 16 | ലൈസൻസ് ഫീസ് ഡിമാന്റ് സമഗ്രമല്ലാത്തതിനാൽ ഗണ്യമായ വരുമാനച്ചോർച്ച<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-9 |
| 17 | മുറിച്ചു മാറ്റിയ തടികൾ ലേലം ചെയ്യുന്നതിന് നടപടികളായില്ല<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-10 |
| 18 | ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ്- ആവശ്യമായ തുക വകയിരുത്തുന്നില്ല<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-11 |
| 19 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതരമായ കാലവിളംബം<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-12 |
| 20 | ലൈഫ് പദ്ധതി അവലോകനം<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-13 |
| 21 | വെള്ളക്കരം-പൊതുടാപ്പുകളുടെ എണ്ണത്തിൽ വരുത്തിയ കുറവിന് ആനുപാതികമായി തുക ക്രമീകരിച്ചില്ല<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-14 |
| 22 | പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു.<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-15 |
| 23 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-16 |
| 24 | തുക യഥാവിധി കൈമാറിയിയെങ്കിലും വിതരണ ഏജൻസി കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-17 |
| 25 | ഹോമിയോ-മരുന്നുകളും ബോട്ടിലുകളും പൂർണ്ണമായും ലഭിച്ചിട്ടില്ല.<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-18 |
| 26 | എസ്.എസ്.എ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: V G Sajimon (Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 27-02-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | -<br>Written By: Joseph Chacko (Asst. Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 30-03-2021) | - |

| | | |
|---|---|---|
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph Chacko (Asst. Audit Officer)<br>Last Updated By: () | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph Chacko (Asst. Audit Officer)<br>Last Updated By: () | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer)<br>Last Updated By: () | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer)<br>Last Updated By: () | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joseph Chacko (Asst. Audit Officer)<br>Last Updated By: () | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Benny Mathew (Auditor)<br>Last Updated By: () | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joseph Chacko (Asst. Audit Officer)<br>Last Updated By: () | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Joseph Chacko (Asst. Audit Officer)<br>Last Updated By: () | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക<br>Written By: Joseph Chacko (Asst. Audit Officer)<br>Last Updated By: () | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joseph Chacko (Asst. Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 31-03-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Joseph Chacko (Asst. Audit Officer)<br>Last Updated By: V G Sajimon (Audit Officer, On 31-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

08.03.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2019-20 ലെ ബജറ്റ് അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 01.06.2020 | - | - |

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 7154913 | 7154913 | 6565001 | 589912 |
| | എസ്.സി.പി. | 0 | 1216294 | 1216294 | 1045000 | 171294 |
| | ടി.എസ്.പി. | 0 | 119000 | 119000 | 119000 | 0 |
| മെയിന്റനൻസ്- | റോഡ് | 0 | 5500000 | 5500000 | 3917451 | 1582549 |
| | റോഡിതരം | 0 | 3251000 | 3251000 | 2415064 | 835936 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 5741415 | 5741415 | 1869237 | 3872178 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | 0 | 10272375 | 10272375 | 10272375 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 205000 | 205000 | 205000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 68105 | 777494 | 845599 | 795134 | 50465 |
| | ഐ.സി.ഡി.എസ്. | 207265 | 448458 | 655723 | 470685 | 185038 |
| | കേന്ദ്രഫണ്ട് (ഒ.ഡി.എഫ്.) | 261723 | | 261723 | 54332 | 207391 |
| | (ടോട്ടൽ സാനിട്ടേഷൻ) | 12000 | 52850 | 64850 | 16850 | 48000 |
| | ആധാർ ഇൻസെന്റീവ് | 78 | 0 | 78 | 78 | 0 |
| മറ്റ് ഫണ്ടുകൾ | ആശ്രയ ജില്ലാ വിഹിതം | | 397194 | 397194 | 397194 | 0 |
| | കില | 0 | 465 | 465 | 465 | 0 |
| | എം.എൽ.എ.ഫണ്ട് | 4797 | 486321 | 491118 | 486156 | 4962 |
| | നിർമ്മൽ പുരസ്കാർ | 78449 | 0 | 78449 | 0 | 78449 |
| | ബയോഡൈവേഴ്സിറ്റി | 410001 | 0 | 410001 | 72191 | 337810 |
| | ലൈഫ് പദ്ധതി | 0 | 1900000 | 1900000 | 1900000 | 0 |
| | സാക്ഷരത | 66927 | 2709 | 69636 | 12 | 69624 |
| | ദുരിതാശ്വാസനിധി | 1117 | 0 | 1117 | 0 | 1117 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | കേരളോൽസവം | 12680 | 20000 | 32680 | 19952 | 12728 |
| | ശുചിത്വ മിഷൻ | 686962 | 416596 | 1103558 | 418741 | 684817 |
| | വിമുക്തി | 17555 | 0 | 17555 | 17551 | 4 |
| | ആയുർവേദം മെയിന്റനൻസ് | 0 | 400000 | 400000 | 0 | 400000 |

### 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 37851290 | 95 | 20131979 | 12 | 44 | 62.91 |

പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ വിവിധ സമിതികളുടെ പങ്കാളിത്തം, വാർഷികപദ്ധതി നിർവഹണം എന്നിവയുടെ അവലോകനം ചുവടെ കൊടുക്കുന്നു.

#### 1-4-1 വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്തതിന് സ്റ്റാറ്റസ് റിപ്പോർട്ട് അവലംബമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ.(എംഎസ്) 11/2018നമ്പർ ഉത്തരവ് അടിസ്ഥാനപ്പെടുത്തിയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ആയതിനുള്ള മുന്നൊരുക്കമായി, വർക്കിംഗ് ഗ്രൂപ്പ് ക്രമത്തിൽ മുൻ പഞ്ചവത്സരപദ്ധതി കാലയളവിൽ കൈവരിച്ച നേട്ടങ്ങളുൾപ്പെടുത്തി അവസ്ഥാവിശകലനം നടത്തി ഒരു സ്റ്ററ്റസ് റിപ്പോർട്ട് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കേണ്ടതും അത് അവലംബമാക്കി ഭാവിയിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ നിർണയിച്ച് അതിനുതകും വിധം പ്രോജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. ഗണ്യമായ തുക ചെലവഴിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് അച്ചടിച്ച് സൂക്ഷിച്ചിട്ടുണ്ടെങ്കിലും പദ്ധതി ആസൂത്രണ വേളയിൽ അത് ഒരു രീതിയിലും പ്രയോജനപ്പെടുത്തിയില്ലായെന്ന് തൻവർഷം രൂപീകരിച്ച പ്രോജക്ടുകളിൽനിന്ന് വ്യക്തമാണ്. പതിവു ശൈലിയിൽ ആവർത്തന സ്വഭാവമുള്ള പ്രോജക്ടുകൾ മാത്രമാണ് തൻവർഷത്തെ പദ്ധതിയുടെ ഭാഗമായിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ലക്ഷ്യം സാർത്ഥകമാക്കുംവിധം അതിനെ അടിസ്ഥാനപ്പെടുത്തി നൂതനമോ മാതൃകാപരമോ ആയ ഒരു പ്രോജക്ട് പോലും

ആസൂത്രണം ചെയ്യാൻ കഴിയാതിരുന്നത് പദ്ധതി ആസൂത്രണ പ്രക്രിയയുടെ പരാജയമായി ഓഡിറ്റ് വിലയിരുത്തുന്നു. കൃഷിക്ക് മുൻതൂക്കം നൽകുന്ന ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 5800 കർഷകരും കർഷകത്തൊഴിലാളികളും ശേഷിക്കെ തൻവർഷം നടപ്പാക്കിയ സ്ഥിരം പ്രോജക്ടുകളിലൂടെ കേവലം തുച്ഛമായ ആളുകൾക്കു മാത്രമാണ് പദ്ധതി സഹായം എത്തിക്കാൻ കഴിഞ്ഞത്.

സ്റ്റാറ്റസ് റിപ്പോർട്ട് നിലനിൽക്കേതന്നെ തൻവർഷം ₹5790/- ചെലവഴിച്ച് (ചെക്ക് നം.140267/തീ.12.04.2019) ഒരു നീർത്തടാധിഷ്ഠിത വികസന റിപ്പോർട്ട് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് അസി. എൻജിനിയർ മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പാക്കേണ്ട മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ മുൻനിർത്തി തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിലൂടെ ഗ്രാമപഞ്ചായത്തിലെ 8 ജലസ്രോതസുകളുടെ ജീർണോദ്ധാരണമാണ് ലക്ഷ്യമിട്ടത്. തൊഴിലുറപ്പ് പദ്ധതി, ജലസേചനവകുപ്പ് എന്നിവ നിർവഹണമാർഗമായി പരിഗണിച്ചു. പ്രസ്തുത പ്രവർത്തനവും നടപ്പിലാക്കിയിട്ടില്ല.

സമാനമായ അവസ്ഥയാണ് ഇതര വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രോജക്ടുകളിലും കാണാനായത്. പദ്ധതി മാർഗരേഖയുടെ അന്തസത്ത ഉൾക്കൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി വിഷയം വർക്കിംഗ് ഗ്രൂപ്പിന്റെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-4-2 വർക്കിംഗ് ഗ്രൂപ്പുകൾ/മോണിറ്ററിംഗ് സമിതികൾ

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ വിവിധ മേഖലകളിലേക്കാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ സ്വരൂപിച്ചതായും അവ ചർച്ച ചെയ്ത് കരട് പദ്ധതിക്ക് രൂപം നൽകിയതായും മിനിട്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു.

## 1-4-3 ഗ്രാമസഭകൾ

ഗ്രാമസഭകളിൽ ജനങ്ങളുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നതായി മിനിട്സ്ബുക്കിലെ ഹാജർ വിവരങ്ങളിൽ നിന്ന് വ്യക്തമാണ്. പദ്ധതി ആസൂത്രണ, ഗുണഭോക്തൃ തെരഞ്ഞെടുപ്പുയോഗങ്ങളുടെ തീരുമാനങ്ങൾ വിശദമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

## 1-4-4 വികസന സെമിനാർ

വികസന സെമിനാർ സംഘാടനത്തിന്റെ ഹാജർ, തീരുമാന വിവരങ്ങൾ വിശദമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

## 1-4-5 സ്റ്റാന്റിംഗ് കമ്മിറ്റികൾ

സ്റ്റാന്റിംഗ് കമ്മിറ്റികൾ അവരുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട പദ്ധതിനിർദ്ദേശങ്ങൾ സ്വരൂപിക്കുകയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ വിലയിരുത്തിയതായും മിനിട്സ് ബുക്കിൽ രേഖപ്പെടുത്തലുണ്ട്.

## 1-4-6 ഭരണസമിതി

വിവിധ തലങ്ങളിൽ നടത്തിയ വിശകലങ്ങളിലൂടെയും ചർച്ചകളിലൂടെയും രൂപം നൽകിയ അന്തിമ പദ്ധതിയ്ക്ക് സമിതി ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി. നിർവഹണത്തിലെ പുരോഗതി വിവിധ യോഗങ്ങളിൽ വിലയിരുത്തുകയും ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് വ്യാപനം മൂലം ലോക്ക് ഡൌണായ പശ്ചാത്തലത്തിൽ സാമ്പത്തികവർഷാവസാനമുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് സ്റ്റിയറിംഗ് കമ്മിറ്റിയാണ് മേൽനോട്ടം വഹിച്ചിട്ടുള്ളത്.

## 1-4-7 വാർഷികപദ്ധതി നിർവഹണം

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|---|
| കൃഷി ഓഫീസർ | 06 | 06 | 434700 | 332700 |
| വെറ്ററിനനറി സർജൻ | 05 | 05 | 1582000 | 639791 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 03 | 03 | 547321 | 547321 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 03 | 03 | 275000 | 267550 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 06 | 06 | 700000 | 700000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 13 | 9465249 | 5025350 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05 | 05 | 2487400 | 2094946 |
| സെക്രട്ടറി | 25 | 19 | 4012116 | 2260515 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02 | 02 | 2512000 | 568422 |
| ഹെഡ്മാസ്റ്റർ ഗവ. എൽ.പി.സ്കൂൾ | 02 | 01 | 338610 | 200000 |
| അസി എഞ്ചിനീയർ | 80 | 44 | 15496894 | 7495384 |
| ആകെ | 151 | 107 | 37851290 | 20131979 |

നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും സ്ഥിരം ശൈലിയിലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. കാർഷിക മേഖലകളുടെ സ്ഥായിയായ പുരോഗതിക്കുതകുന്ന നൂതനവും മാതൃകാപരവുമായ ഒരു പ്രോജക്ട് പോലും ആവിഷ്കരിക്കാൻ കഴിയാതിരുന്നത് പ്രോജക്ട് നടത്തിപ്പിലെ പരാജയമായി ഓഡിറ്റ് വിലയിരുത്തുന്നു.

സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതി നിർവഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. യഥാസമയം ഫണ്ടുകൾ അലോട്ട് ചെയ്ത് ലഭിക്കാതിരുന്നതും, ലഭ്യമായ തുക പിൻവലിക്കുന്നതിലുണ്ടായ ട്രഷറി നിയന്ത്രണവും പദ്ധതി പ്രവർത്തനത്തെ ഏറെ സങ്കീർണമാക്കി. തുച്ഛമായ തനതു ഫണ്ട് നീക്കിയിരുപ്പ് മാത്രം കൈമുതലായുള്ള പഞ്ചായത്ത് സർക്കാർ അനുവദിക്കുന്ന ഗ്രാന്റുകൾ മാത്രം ആശ്രയിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കേവലം ₹50,000/-യുടെ മുകളിലുള്ള ബില്ലുകളൊന്നും നിർണായക സമയത്ത് പിൻവലിക്കാൻ കഴിയാതിരുന്നത് വഴി ചെലവുശതമാനം ഗണ്യമായി കുറഞ്ഞു. ട്രഷറിയിൽ ക്യൂ-ബില്ലായി ഉൾപ്പെട്ടുപോയ തുകകൾ നടപ്പു വർഷത്തെ അലോട്ടുമെന്റിൽ നിന്ന് പിൻവലിക്കേണ്ടി വന്നിട്ടുള്ളത് പ്രസ്തുത വർഷത്തെ പദ്ധതി പ്രവർത്തനത്തെയും ദോഷകരമായി ബാധിക്കുന്ന സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്.
ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്.
- ലഭ്യമാകുന്ന വിഭവസ്രോതസുകൾ കൃത്യമായി നിർണയിക്കാതെ വകയിരുത്തൽ നടത്തിയത് പദ്ധതി ചെലവുശതമാനം പിന്നോട്ടുപോകാൻ ഇടവരുത്തി. (ഉദാ. ജില്ലാപഞ്ചായത്ത് വിഹിതം:- വകയിരുത്തൽ/ ചെലവ്=₹23,25,850/ ₹3,00,000)
- സേവന മേഖലയിൽ വി.ഇ.ഒ നടപ്പാക്കിയ പ്രോജക്ടുകളിലൂടെ ഭവനം, വൃദ്ധർക്ക് കട്ടിൽ, എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ളകണക്ഷൻ, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, തുടങ്ങിയവ നൽകാൻ കഴിഞ്ഞത് മികച്ച നേട്ടമായി.

- പഞ്ചാത്തലമേഖലയിൽ 24റോഡുകളിലെ വിവിധ റീച്ചുകളുടെ കോൺക്രീറ്റിംഗ്, ടാറിംഗ്, ജോലികൾ പൂർത്തിയാക്കി. അംഗൻവാടികൾ, സ്കൂളുകൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾക്കായി 14 പ്രോജക്ടും നടപ്പാക്കി.
- നീർത്തട മാസ്റ്റർപ്ലാൻ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ വൻതുകകളും വിവിധമേഖലകളിലെ വിദഗ്ധരുടെ സേവനവും വിനിയോഗിച്ച് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവ അവലംബിച്ച് പ്രോജക്ടുകൾ വിഭാവനം ചെയ്യാത്തതിനാൽ ഉദാത്തമായ ശ്രമങ്ങൾ വൃഥാവ്യായാമമായി പരിണമിച്ചു.

അപാകങ്ങൾ പരിഹരിച്ച് പദ്ധതികൾ കാര്യക്ഷമവും ജനോപകാരപ്രദവുമായി ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. വിവിധ സമിതികളുടെ അടിയന്തിരശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2010-ലെ ജി.ഒ(പി) 259/2010 നമ്പർ ഉത്തരവിലെ നിർദേശപ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് വാങ്ങൽ പ്രക്രിയകളിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18960 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 1675200 | 584 |
| വിധവാപെൻഷൻ | 1786800 | 603 |
| വാർദ്ധക്യകാലപെൻഷൻ | 5161800 | 1730 |
| വികലാംഗപെൻഷൻ | 736600 | 243 |
| അവിവാഹിത പെൻഷൻ | 150600 | 51 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.07.2020 3.പി.എം-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം തുകയൊന്നും വരവു വന്നിരുന്നില്ല.

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

പ്രവർത്തനമികവ് പുരസ്കരിച്ച് ഗ്രാമപഞ്ചായത്തിന് ISO സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ചു നൽകുന്നു. കോവിഡ് പടർന്നുപിടിച്ചത് മുൻനിർത്തി പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ച് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിച്ചിട്ടുണ്ട്.
- ഓഫീസ് ജീവനക്കാരുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഇൻകമ്പൻസി രജിസ്ററർ തയ്യാറാക്കിയിട്ടുണ്ട്.
- കണക്കുകളും രേഖകളും പ്രധാന രജിസ്റ്ററുകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ പ്രത്യേക നിഷ്കർഷ പുലർത്തിയിട്ടുണ്ട്. ബിൽ രജിസ്റ്ററിൽ ബിൽനം., ചെക്ക് നം., വൌച്ചർ നം., തീയതികൾ, വിശദമായ വിവരണം തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷികപദ്ധതിയുടെ ഭാഗമായ സർക്കാർ ഗ്രാന്റുകൾ, ബി-വിഭാഗം ഫണ്ടുകൾ എന്നിവയുടെ ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിൽ സഞ്ചരിച്ച ദൂരം, അതിനാനുപാതികമായ ഇന്ധന ഉപഭോഗം, ബാക്കി സ്റ്റോക്ക് വിവരങ്ങൾ ഉൾപ്പെടുത്തി പ്രതിമാസ ക്ലോസിങ്ങുകൾ നടത്തുന്നില്ല. പോരായ്മകൾ പരിഹരിക്കേണ്ടതാണ്.
- ഭരണ സുതാര്യത ഉറപ്പാക്കുന്നതിന് കാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നു.
- സാമ്പത്തിക അച്ചടക്കം പാലിച്ച് ചെലവുകൾ നടത്താൻ ശ്രദ്ധിച്ചിട്ടുണ്ട്. ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അംഗീകരിച്ചിട്ടുണ്ട്. പ്രതിമാസ വൌച്ചറുകൾ പ്രസിഡന്റ് , സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നു.
- വരവിനങ്ങളായ നികുതി/ഫീസുകളുടെ ചുമത്തൽ-പിരിവ് -രേഖ സൂക്ഷിപ്പ് നടപടികൾ പൊതുവെ തൃപ്തികരമാണ്. എന്നാൽ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കുമുള്ള ലൈസൻസ് ഫീസ് ഡിമാന്റ് സമഗ്രമല്ലാത്തത് വരുമാനചോർച്ചയ്ക്ക് കാരണമായിട്ടുണ്ട്.
- ക്ഷേമപെൻഷൻ അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്.
- ഫ്രണ്ട് ഓഫീസിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചാണ് പ്രവർത്തനം. നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ ചുമതലയൊഴിയുന്ന വേളയിലും അടുത്തയാൾ ചുമതലയേൽക്കുന്ന വേളയിലും ഫ്രണ്ട് ഓഫീസ് ഡയറിയിൽ ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ട്. സാംഖ്യ-സൂചിക സ്റ്റേഷനറിയുടെ സ്റ്റോക്ക് സൂക്ഷിപ്പ് ,ഉപയോഗം എന്നിവ പൊതുവെ തൃപ്തികരമാണ്.

## 1-8 വാർഷിക കണക്കിലെ അപാകതകൾ

1. വസ്തുനികുതി ഇനത്തിലെ സഞ്ചയ പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. പഞ്ചായത്തിന്റെ ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ യഥാർത്ഥ മൂല്യ വിവരം വാർഷിക ധനവിവര പത്രികയിൽ പ്രതിഫലിക്കുന്നില്ല.

## 1-9 ലൈസൻസ് ഫീസ് ഡിമാന്റ് സമഗ്രമല്ലാത്തതിനാൽ ഗണ്യമായ വരുമാനച്ചോർച്ച

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ച സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ വാണിജ്യആവശ്യങ്ങൾക്കുള്ള 526-ഉം വ്യവസായ ആവശ്യങ്ങൾക്കുള്ള 12-ഉം ഉൾപ്പടെ ആകെ 538 കെട്ടിടങ്ങളാണ് പാർപ്പിടേതര ഗണത്തിൽ നികുതി നിർണയിക്കപ്പെട്ടിട്ടുള്ളത്. വിനോദസഞ്ചാരമേഖലയിൽ ഉൾപ്പെടാത്ത പ്രദേശമാകയാൽ റിസോർട്ടുകളോ ലോഡ്ജുകളോ ഇതിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ഗ്രാമീണ മേഖലയായതിനാൽ വൻ വാണിജ്യ സമുച്ചയങ്ങളുമില്ല. ആ നിലയ്ക്ക് വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽപ്പെടുന്ന

ഇവയുടെ 90 ശതമാനം ലൈസൻസ് അപേക്ഷകളെങ്കിലും (484 എണ്ണം) സാധാരണഗതിയിൽ ലഭിക്കേണ്ടതാണ്. എന്നാൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസിന്റെ തൻവർഷത്തെ ഡിമാന്റ് രജിസ്റ്റർപ്രകാരം കേവലം 133 അപേക്ഷകർ മാത്രമാണുള്ളത്. 2017ൽ കേരള പഞ്ചായത്ത് രാജ് (അപകടകരമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കുമുള്ള ലൈസൻസ്) ചട്ടങ്ങൾ പരിഷ്കരിച്ചതിനാൽ ഗണ്യമായ വരുമാനവർദ്ധനവ് ഈയിനത്തിൽ ഉണ്ടാകേണ്ടതായിരുന്നുവെങ്കിലും കേവലം ₹92000/- യാണ് തൻവർഷം ലഭ്യമായത്. ഫീൽഡ് പരിശോധനയിലെ പിഴവാണ് വരുമാനച്ചോർച്ചയ്ക്ക് കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഉച്ചമായ വരുമാനസ്രോതസുകൾ മാത്രം കൈമുതലായുള്ള ഗ്രാമപഞ്ചായത്ത് സർക്കാർ ഗ്രാന്റുകളെ ആശ്രയിച്ചാണ് ദൈനംദിന അനിവാര്യ-പൊതു-മേഖലാപരമായ ചുമതലകൾ നിർവഹിച്ചു വരുന്നതെന്നിരിക്കെ ഇത്തരത്തിലുള്ള വരുമാനനഷ്ടം ഒട്ടുംതന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല. പ്രാദേശികപരിശോധനയിലൂടെ കൃത്യമായ ഡിമാന്റ് നിർണയിച്ച് വരുമാനനഷ്ടം ഉണ്ടാവുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-10 മുറിച്ചു മാറ്റിയ തടികൾ ലേലം ചെയ്യുന്നതിന് നടപടികളായില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ വ്യക്തികളുടേതുൾപ്പടെയുള്ള സ്ഥലങ്ങളിൽ അപകടകരമായ നിലയിൽ നിന്നിരുന്ന വൃക്ഷങ്ങളും അവയുടെ തലപ്പുകളും കാർഷിക കർമസമിതി മുഖേന മുറിച്ചു നീക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിരുന്നു. (നം.1/തീ6.11.2019). ഇതിനു മുന്നോടിയായി പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലത്തുനിന്ന് മുറിച്ചു മാറ്റേണ്ട ഒരു തേക്കിന്റെയും പ്ലാവിന്റെയും മൂല്യനിർണയ സാക്ഷ്യപത്രം ഇടുക്കി ജില്ലാ സോഷ്യൽ ഫോറസ്ട്രി ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്ന് വാങ്ങി. അതുപ്രകാരമുള്ള വില വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തടിയുടെ ഇനം | തടി /മരം സ്ഥിതി ചെയ്യുന്ന സ്ഥലം | അളവുകൾ | നിശ്ചയിക്കപ്പെട്ട വില |
|---|---|---|---|---|
| 1 | തേക്ക് | 8-ാം വാർഡ് 9-ാം നമ്പർ അംഗൻവാടി പുരയിടം | തടി :-0.49ക്യൂബിക് മീറ്റർ വിറക് :- 0.219മെട്രിക് ടൺ | (30934 +വനവികസന നികുതി 5%) + 18% ചരക്കുസേവന നികുതി |
| 2 | പ്ലാവ് | പൂറപ്പുഴ സർവീസ് സഹകരണ ബാങ്കിനു സമീപമുള്ള പഞ്ചായത്ത് വക സ്ഥലം | തടി :-0.322ക്യൂബിക് മീറ്റർ വിറക് :- 0.195മെട്രിക് ടൺ | (4042 +വനവികസന നികുതി 5%) + 18% ചരക്കുസേവന നികുതി |

തടികൾ നിൽപുനിലയിൽ ലേലം ചെയ്തു വിൽക്കാൻ ശ്രമം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. ആയതിനാൽ തനത് ഫണ്ടിൽ നിന്ന് ₹13,000/- ചെലവഴിച്ച് (ചെക്ക് നം.142086/ തീ.22.01.2020) വെട്ടിമാറ്റി. (സ്വകാര്യവ്യക്തികളുടെ മരം മുറിക്കുന്നതിന് കൂലിയായി ₹7000/- ഈടാക്കിയിട്ടുണ്ട്). തടികൾ മുറിച്ചിട്ടുവെങ്കിലും ഉയർന്ന മതിപ്പുവില മൂലം ലേലം നടക്കാത്തതിനാൽ മൂല്യനിർണയത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് 04.02.2020-ലെ G4-5617/17 നമ്പർ കത്തു മുഖേന അപേക്ഷ സമർപ്പിച്ചുവെങ്കിലും നാളിതുവരെ അത് ലഭിച്ചിട്ടില്ല. കാലപഴക്കത്താൽ തടിയുടെ മൂല്യം കുറഞ്ഞു പോകുമെന്നതിനാൽ മൂല്യനിർണയപ്രക്രിയകൾ ഊർജിതമായി പൂർത്തീകരിച്ച് തടികൾ ലേലം ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ്- ആവശ്യമായ തുക വകയിരുത്തുന്നില്ല

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പദ്ധതി | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ(കൈ)22/2018 ഉത്തരവിലെ ഖണ്ഡിക 7.1.6(എ)യിലെ നിർദ്ദേശപ്രകാരം അനുവദിക്കപ്പെട്ടത്ര തുക പദ്ധതിയിൽ ഉൾപ്പെടുത്താതെയാണ് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുള്ളത് എന്ന് കാണുന്നു.

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത ഉത്തരവ് പ്രകാരം പ്രതിവർഷം ₹28,500/- (1000x12+1500+2000+1000X12+1000) അർഹമായിരിക്കെ 23 ഗുണഭോക്താക്കൾക്ക് ₹26,500/- നിരക്കിലാണ് നൽകിയിരിക്കുന്നത്. ശാരീരിക മാനസിക വെല്ലുവിളികളാൽ സമൂഹത്തിൽ വേദനയും കഷ്ടതയും അനുഭവിക്കുന്ന കുട്ടികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള മുഴുവൻ ധനസഹായ തുകയും നൽകേണ്ടതാണ്. വരുംവർഷങ്ങളിൽ ഇത്തരം പദ്ധതികൾക്ക് ആവശ്യമായ തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്യുവാൻ ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-12 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതരമായ കാലവിളംബം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ച് തീർപ്പ് കല്പിക്കുന്നതിൽ ഗുരുതരമായ കാലവിളംബം ഉണ്ടായിട്ടുള്ളതായി രേഖകൾ തെളിയിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷന്റെ പേര് | അപേക്ഷ തീർപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി (ദിവസം) |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 45 |
| 2 | വിധവാ പെൻഷൻ | 45 |
| 3 | അൻപതു വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 45 |
| 4 | കർഷകത്തൊഴിലാളി പെൻഷൻ | 45 |
| 5 | വികലാംഗ പെൻഷൻ | 60 |

അപേക്ഷകളിൽ തീരുമാനമെടുക്കാൻ മാസങ്ങളോളം കാലതാമസമുണ്ടായതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.(പെൻഷൻ അപേക്ഷകളുടെ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ)

| ക്രമ നം | പെൻഷന്റെ പേര് | ഏറ്റവും പഴക്കമുള്ള അപേക്ഷയുടെ തീയതി | ഫയൽ നം | തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 27.11.2019 | 4843/2019 | 02 | രജിസ്റ്ററിലെ 09.02.2020 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം |
| 2 | വാർദ്ധക്യകാല പെൻഷൻ | 13.12.2019 | 5128/19 | 60 | രജിസ്റ്ററിലെ 30.6.2020 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം |
| 3 | വിധവാ പെൻഷൻ | 16.01.2020 | 167/2020 | 05 | രജിസ്റ്ററിലെ 11.02.2020 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം |
| 4 | വികലാംഗ പെൻഷൻ | 16.02.2020 | 550/2020 | 01 | രജിസ്റ്ററിലെ 16.02.2020 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം |

സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കുകയെന്ന ഉദാത്ത കടമ നിറവേറ്റുന്നതിൽ സംഭവിച്ച ഗുരുതരമായ വീഴ്ച ഒട്ടുംതന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം പതിമൂന്ന് യോഗങ്ങൾ ചേർന്ന് റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തലുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. തൻമൂലം അപേക്ഷകർക്ക് ലഭിക്കേണ്ട ആനുകൂല്യം ലഭിക്കാനുള്ള കാത്തിരിപ്പ് അനന്തമായി നീളുന്നു.

കോവിഡ് ഭീഷണി മൂലം രാജ്യം രണ്ട് മാസത്തെ ലോക്ക് ഡൌണിലേക്ക് പോയത് ഒരു കാരണമായി ചൂണ്ടിക്കാട്ടാമെങ്കിലും അതിനു ശേഷവും വേണ്ടത്ര സമയം ഈ വിഷയത്തിന്റെ തീർപ്പിന് ലഭിച്ചതാണ്. പെൻഷൻ അപേക്ഷകൾ കാലികമായി തീർപ്പാക്കുന്നതിലെ ഉദാസീനത ജനങ്ങളുടെ ക്ഷേമം മുൻനിർത്തി പ്രവ്യത്തിക്കേണ്ട ഗ്രാമപഞ്ചായത്തിന് ഒട്ടുംതന്നെ ഭൂഷണമല്ലാത്തതിനാൽ അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടേണ്ടതും ഉചിതമായ പരിഹാരനടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-13 ലൈഫ് പദ്ധതി അവലോകനം

ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

| ഇനം | ജനറൽ | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| ആകെ ഗുണഭോക്താക്കൾ | 32 | 1 | 0 | 33 |
| അർഹതയുള്ളവർ | 27 | 1 | 0 | 28 |
| കരാർ വെച്ചവർ | 25 | 1 | 0 | 26 |
| പണി പൂർത്തിയായവർ | 24 | 1 | 0 | 25 |

ശേഷിക്കുന്ന വ്യക്തിയുടെ ഭവനനിർമാണം പുരോഗമിക്കുന്നു.

## 1-14 വെള്ളക്കരം-പൊതുടാപ്പുകളുടെ എണ്ണത്തിൽ വരുത്തിയ കുറവിന് ആനുപാതികമായി തുക ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തും ജല അതോറിറ്റി അധികൃതരുമായി 18.03.2019-ൽ നടത്തിയ സംയുക്ത പരിശോധനയിൽ പ്രവർത്തനക്ഷമമല്ലാതെ 44 പൊതു ടാപ്പുകൾ ഉള്ളതായി കണ്ടെത്തുകയും (ആകെയുണ്ടായിരുന്ന എണ്ണം74) അവയുടെ കണക്ഷൻ വിച്ഛേദിക്കാൻ തീരുമാനിക്കുകയും ചെയ്തു. തദനുസരണം ജല അതോറിറ്റി ഹാജരാക്കിയ എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുക അടയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് തൻവർഷത്തെ വാർഷികപദ്ധതിയിൽ തനതു ഫണ്ടിൽനിന്ന് ₹50,000/- വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് ( നം.141/2020) ചെക്ക് നം.2129128/27.08.2019 പ്രകാരം കൈമാറി . ഉടർന്ന് പ്രവ്യത്തി നടപ്പാക്കുന്നതിന് 26.09.2019-ൽ 1/2019-20 നമ്പറായി കരാറിൽ ഏർപ്പെട്ടു. കരാറിലെ അഞ്ചാമത്തെ വ്യവസ്ഥപ്രകാരം കരാർ തീയതി മുതൽ 30 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും അത് നടപ്പായില്ല. 30.11.2019-ലും 04.02.2020-ലും ഓർമക്കുറിപ്പുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ (യഥാക്രമം ജി2-5321/17, ജി2-4608/18 നമ്പർ കത്തുകൾ) തകരാറിലായ ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിച്ച് ആകെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 30 എന്ന് പുനർനിർണയിച്ച് 2020 ജൂൺ മാസം മുതലാണ് പുതുക്കിയ ഡിമാന്റ് നോട്ടീസ് ( നം.43602/തീ. 17.06.2020) ജല അതോറിറ്റി ലഭ്യമാക്കിയത് . ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കിയിട്ടുണ്ട്.

യഥാസമയം പണം കൈമാറുകയും കരാറിൽ ഏർപ്പെടുകയും ചെയ്തതിനാൽ കരാറിലെ 5-ാമത്തെ വ്യവസ്ഥപ്രകാരം ഗ്രാമപഞ്ചായത്തിന് 2019 ഒക്ടോബർ മാസം മുതൽ ബിൽ തുകയിൽ കുറവു ലഭിക്കേണ്ടതാണ്. എന്നാൽ ഇക്കാലയളവിലത്രയും 74 ടാപ്പുകൾക്ക് ₹32,375/- ( 74x 5250 /12) പ്രതിമാസനിരക്കിലാണ് ഗ്രാമപഞ്ചായത്ത് ഒടുക്കി വന്നത്.

| ഇനം | തുക ₹ |
|---|---|
| 74 ടാപ്പുകൾക്കുള്ള പ്രതിമാസ ഡിമാന്റ് തുക (A) | 32375 |
| 30 ടാപ്പുകൾക്കുള്ള പ്രതിമാസ ഡിമാന്റ് തുക (B) | 13125 |
| (A)-(B) | 19250 |
| 2019 ഒക്ടോബർ മാസം മുതൽ 2020മെയ് വരെ അധികമായി അടച്ച തുക (₹19250 X 8 മാസം) | 154000 |

2019 ഒക്ടോബർ മാസം മുതൽ 2020 മെയ് വരെ അധികമായി ഒടുക്കിയ തുക തിരികെ ലഭിക്കുവാനോ തുടർന്നുള്ള മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിച്ച് കിട്ടുന്നതിനോ ഗ്രാമപഞ്ചായത്തിന് നിയമപരമായ അവകാശമുണ്ട്. അധികത്തുക തിരികെ ക്രമീകരിക്കുന്നതിന് ഉചിത നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-15 പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു.

മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകളിൽ പൂർത്തീകരണ കാലയളവ് കൃത്യമായി വ്യക്തമാക്കേണ്ടതുണ്ട്. പ്രസ്തുത തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം നിശ്ചിത

നിരക്കിൽ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തൻവർഷം നടപ്പാക്കിയ ചില മരാമത്തു പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധിയിൽ ഈ നടപടിക്രമം പാലിക്കാതെ ഇളവ് അനുവദിച്ചിട്ടുണ്ട്.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2012- നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ നിർഹണ കരാറിലെ 6, 7 എന്നീ വ്യവസ്ഥകൾ പ്രകാരം കരാർ തീയതി മുതൽ പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലമേറ്റ് വാങ്ങി അടുത്ത പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും കരാറുടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്തപക്ഷം കരാർ കാലാവധിയുടെ ഇരുപത് ശതമാനം സമയം കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. പിന്നീടുള്ള മൂന്നുമാസക്കാലയളവിൽ കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും തുടർന്ന് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻ സാധിക്കൂ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവ് അനുവദിച്ച ശേഷവും പിഴ ഈടാക്കാതെ കാലയളവ് നീട്ടി നല്കിയതായി കാണുന്നു. കാലയളവ് ദീർഘിപ്പിച്ചു നൽകുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ നീട്ടി നല്കിയതിന്റെ രേഖകൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ/ ബിൽ നമ്പർ/ തുക | കരാറുകാരൻ/ എം. ബുക്ക് നം. | കരാർ നം./ പൂർത്തീകരണ കാലാവധി | കരാർ തുക (₹) | പിഴ കൂടാതെ പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/ നിരക്ക്/ തുക ₹ |
|---|---|---|---|---|---|---|
| കൊടികുത്തി ശ്മശാനം വെള്ളംനീക്കിപ്പാറ റോഡ് കോൺക്രീറ്റിംഗ്(130/19) 11/11.10.19 ₹349204/- | ശ്രീ ഡൊമിനിക് മാത്യു, 18/18-19 | 18/AE/ LSGD/ 18-19/ 05-09-18 5 മാസം | 360590 | 26-03-19 [5 മാസം+ (10+10+30) ദിവസം] | 24.09.2019 | 27-03-19 (1%) -₹3606<br>27-06-19 (2%)-₹7212<br>ആകെ-₹10818 |

പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട എല്ലാ തയ്യാറെടുപ്പുകളും നടത്തിയതിന് ശേഷം മാത്രമാണ് കോൺട്രാക്റ്റർ കരാറിൽ ഏർപ്പെടുന്നത്. യുക്തമായ കാരണങ്ങൾ ഇല്ലാതെ ഇളവ് അനുവദിക്കുന്നത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് 2/തീ.13.07.2020 നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാർ വ്യവസ്ഥ പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചത് നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ അസി. എഞ്ചിനീയറുടെ വീഴ്ചയാണ്. ഗ്രാമ പഞ്ചായത്തിനുണ്ടായ ₹10818/-യുടെ നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്ന് ₹10818/- ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

1-16 ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ

എ) ജി.എസ്.ടി. പരിഹാര തുക ഒരിക്കൽ ഉൾപ്പെടുത്തിയതിന് ശേഷം വീണ്ടും പ്രത്യേകമായി അനുവദിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും (തൊടുപുഴ- 38.91%) ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമായി.

സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആമുഖ ഭാഗത്ത്, അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ഖണ്ഡിക 4-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണ്. ഓവർ ഹെഡ്സ് ചാർജ്ജ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ നമ്പർ 6 വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത് ജി.എസ്.റ്റി ഒഴിവാക്കിയാണ്. നമ്പർ 8 വ്യവസ്ഥ പ്രകാരം, ഭരണാനുമതി ലഭ്യമാക്കേണ്ടത് വ്യവസ്ഥ 6-ൽ സൂചിപ്പിച്ച എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യത്തിന് പുറമേ, ബാധകമായ ജി.എസ്.റ്റി യുള്ള തുക പ്രത്യേകമായി ഉൾപ്പെടുത്തിക്കൊണ്ടാണ്. അതിൻപ്രകാരം ജി.എസ്.റ്റി-യ്ക്ക് അടങ്കലിൽ പ്രത്യേക പ്രൊവിഷൻ കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.

26.03.2019 ലെ D83/9058/2017/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം PRICE LSGD സോഫ്റ്റ് വെയറിൽ പ്രസ്തുത മാറ്റം വരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇതിൻ പ്രകാരം ജി.എസ്.റ്റി. ചെലവിനായി 12% തുക പ്രത്യേകമായി ഉൾപ്പെടുത്തിയാണ് (സ്പിൽ ഓവർ ഒഴികെ) തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കിയത്.

ഓവർ ഹെഡ്സ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ GST) /ടേൺ ഓവർ ടാക്സ് ചെലവിനു വേണ്ടി ഒരിക്കൽ നീക്കിവച്ചതിനുശേഷം അതേ ചെലവിനുവേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ പിന്നീട് കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ ഏകദേശം 7% തുക അധികമായി ലഭിക്കുന്നു. ജി.എസ്.ടി ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ആയതിനാൽ പരിഹാര തുക കരാറുകാരന് നൽകുന്നത് അനർഹമായ തുക നല്കലാണ്. അനവധി പദ്ധതികൾ നടപ്പാക്കുന്നതിനാൽ ഗണ്യമായ തുകയുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്.

(ബി) വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ് ചെറിയ പ്രവർത്തികൾക്കു നൽകുന്നു.

പഞ്ചായത്തിന്റെ റോഡ് നിർമാണ പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

8. അവശേഷിക്കുന്ന മിക്ക ഇനങ്ങളുടെ കാര്യത്തിലും ഭാഗിക ചെലവോ ചെലവു വരാൻ സാധ്യത ഇല്ലാത്തതായോ കാണാം. ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്. മേൽ സാഹചര്യത്തിൽ ഈ വിഷയം സർക്കാർ ശ്രദ്ധയിൽപ്പെടുത്തി ഉചിത പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 തുക യഥാവിധി കൈമാറിയിയെങ്കിലും വിതരണ ഏജൻസി കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ(69/19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ | 50000 |
| ബിൽ നം./തുക | 18/തീ.06.11.2019,₹39442/- |

അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി തൻവർഷം കെൽട്രോണിന് മേൽവിവരിച്ച പ്രകാരം തുക കൈമാറിയിരുന്നെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല. ആകയാൽ ഈയിനത്തിലുള്ള ₹39442/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടർ അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ഹോമിയോ-മരുന്നുകളും ബോട്ടിലുകളും പൂർണ്ണമായും ലഭിച്ചിട്ടില്ല.

തൻവർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് തുക കൈമാറിയിരുന്നെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്ട് നം./പേര് | 15/20 ഹോമിയോ ആശുപത്രിക്ക് മരുന്നും ബോട്ടിൽസും വാങ്ങൽ |
| അടങ്കൽ/ചെലവഴിച്ച തുക | ₹2,00,000 |
| ബിൽ നം./തുക | 02/2019-20/തീ.18.10.2019 |

₹200000/- നൽകിയതിൽ ₹1,03,867/- യുടെ മരുന്നുകൾ (റീട്ടെയിൽ ഇൻവോയ്സ് നം.എൽ.എഫ്:499 തീ:29.06.2020) മാത്രമാണ് ലഭിച്ചത്. ശേഷിക്കുന്ന ₹96,133/- യുടെ മരുന്നുകളും ബോട്ടിലുകളും ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 എസ്.എസ്.എ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | എസ് 0009/2019-20 |
| പ്രോജക്ട് | എസ്.എസ്.എ വിഹിതം നല്കൽ |
| തുക | ₹200000/- |
| ബിൽ നംപർ, തിയതി | ബിൽബുക്ക് ഹാജരാക്കാതിരുന്നതിനാൽ ലഭ്യമല്ല |

തൻവർഷം പുറപ്പുഴ ഗവ എൽ പി സ്കൂൾ ഹെഡ്മിസ്ട്രസ് നടപ്പാക്കിയ എസ്.എസ്.എ വിഹിതം നല്കൽ എന്ന പ്രോജക്ട് പ്രകാരം എസ്.എസ്.എ ഇടുക്കി ജില്ലാ പ്രോജക്ട് ഓഫീസർക്ക് പഞ്ചായത്ത് വിഹിതമായി ₹2,00,000/- നല്കിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- -

ഇല്ല

# ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 2019-20 വർഷത്തെ ഓഡിറ്റിൽ പരിശോധിച്ചു | പ്രത്യേക റിപ്പോർട്ടായി പുറപ്പെടുവിച്ചിട്ടില്ല |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക ₹ | പേര് | ₹ | ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 123 | ലൈഫ് ഭവന നിർമ്മാണം | 240000 | 360000 |
| | 2019-20 | 599877 | | | |
| | 2019-20 | 123700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 123700 | 0 |
| ജില്ലാപഞ്ചായത്ത് | 2019-20 | 300000 | പാലിന് സബ്സിഡി | 300000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പഞ്ചായത്തിൽ നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21800718/18.12.2018 | 1447000 | 1447000 | 1447000 |
| | അംഗൻവാടികൾക്കും സി.എച്ച്.സി. സബ്സെന്ററിനും കടിവെള്ള സൗകര്യം ഏർപ്പെടുത്തൽ | 79631/05.03.2019 | 100000 | 0 | 100000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹2,00,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം. എസ്.) നം.68/ 2018/ എൽ.എസ്.ജി.ഡി തീയതി 18.05.2018 | 5278975 | 5078975 | 367647 | 0 | 4911328 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2006-07 2.6 | 2009-10 | 2.6 | പഞ്ചായത്ത് വക കടമുറികളുടെ വാടക-സ്റ്റാമ്പ് ഡ്യൂട്ടി നഷ്ടം ₹1,026/- | തുടരുന്നു |
| 2 | 2007-08 3.7 | 2010-11 | 2.14 | നിക്ഷേപ പ്രവർത്തികൾ പൂർത്തീകരിച്ചില്ല പി.ഡബ്ല്യു.ഡി- ₹75,000/- | തുടരുന്നു |
| 3 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2012-13 | 3.3 | ആരോഗ്യമേഖല | തുടരുന്നു |
| 4 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | അനുബന്ധം-4 | കർഷകത്തൊഴിലാളി പെൻഷൻ | തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

### എ) ചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

ഇല്ല

### ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാദ്ധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |

| | | | | | | | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | | തുക ₹ (തീയതി) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | പുറപ്പുഴ ഗ്രാമ പഞ്ചായത്ത് | 2005-06 | 3-9(1) Part | ജിജി തോമസ്, അസി. എൻജിനീയർ | LF21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2819 | ഇല്ല | ഇല്ല | - | - | - | - | 2819 | - |
| 2 | | 2005-06 | 3-9(2) Part | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 5199 | ഇല്ല | ഇല്ല | - | - | - | - | 5199 | - |
| 3 | | 2005-06 | 3-9 പാർട്ട് 3 | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2078 | ഇല്ല | ഇല്ല | - | - | - | - | 2078 | - |
| 4 | | 2005-06 | 3-9 പാർട്ട് 4 | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 526 | ഇല്ല | ഇല്ല | - | - | - | - | 526 | - |
| 5 | | 2005-06 | 3-9(3) | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2078 | - | ഇല്ല | - | - | - | - | 2078 | - |
| 6 | | 2005-06 | 3-9(4) | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 526 | - | ഇല്ല | - | - | - | - | 526 | - |
| 7 | | 2005-06 | 3-9(1) Part | റോയ് ഐസക്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 24.08.13 | 2819 | - | ഇല്ല | - | - | - | - | 2819 | - |
| 8 | | 2005-06 | 3-9(2) Part | റോയ് ഐസക്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 24.08.13 | 5199 | - | ഇല്ല | - | - | - | - | 5199 | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,30,44,657 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹3,20,36,014 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹10,818 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2,39,442 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-15 | .. | 10818 | ശ്രീമതി.കെ.ബുഷറ, അസി.എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 39,442 | ശ്രീമതി. കെ.ബുഷറ, അസി.എൻജിനിയർ |
| 1-19 | 2,00,000 | ശ്രീമതി. കെ. കെ. ഉഷ ,ഹെഡ്മിസ്ട്രസ് , ജി.എൽപി.എസ് പുറപ്പുഴ |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

### (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല

### (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. കെ ബൃഷറ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പുറപ്പുഴ ഗ്രാമ പഞ്ചായത്ത് (പ്രസവ അവധി) | ഉക്കിണിവീട്ടിൽ, ഇടവെട്ടി പി.ഒ., തൊടുപുഴ ഇടുക്കി. |
| ശ്രീമതി.കെ.കെ. ഉഷ, ഹെഡ്മിസ്ട്രസ്, | ഹെഡ്മിസ്ട്രസ് , ഗവ.എൽ.പി.സ്കൂൾ, പുറപ്പുഴ | കുഴിച്ചാലിൽ, തൊടുപുഴ ഈസ്റ്റ്.പി.ഒ കാരിക്കോട് ഇടുക്കി |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് (എണ്ണം) | ഖണ്ഡിക |
|---|---|---|---|
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ7/691/2018/10.05.2018 | 1 | 3-9 |
| 2006-07 | എൽ.എഫ്.ഐ.10/30/13/07.02.2013 | 15 | 2-1, 2-2(എ), 2-3, 2-6, 3-1 മുതൽ 3-11 വരെ |
| 2007-08 | എൽ.എഫ്.ഐ.10/1195/11/07.01.2012 | 10 | 2-3(1, 2), 2-4, 2-10, 3-1, 3-6 മുതൽ 3-11 വരെ |
| 2008-09 | എൽ.എഫ്.ഐ.10/656/12/03.08.2012 | 6 | 2-3, 2-4, 2-5, 3-3, 3-4, 3-5 |
| 2009-10 | എൽ.എഫ്.ഐ.10/984/16/26.12.2016 | 5 | 3-1, 3-2, 3-3, 3-4, 3-6 |
| 2010-11 & 2011-12 | എൽ.എഫ്.ഐ.10/375/17/18.04.2017 | 5 | 2-3, 2-4(ബി), 3-3, 3-11, 3-13 |
| 2012-13 & 2013-14 | എൽ.എഫ്.ഐ.7/288/15/10.06.2015 | 8 | 2-2, 2-3, 3-2, 3-3, 3-4, 3-6, 3-7, 3-8 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-7/738/17/01.08.2017 | 1 | 3-5 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ7-1319/2017/05.12.2017 | 6 | 2-1, 2-2, 2-5, 3-2, 3-3, 3-5 |
| 2017-2018 | കെ.എസ്.എ.ഐ.ഡി.കെ7-1405/18/31.01.2019 | 12 | 2-1,2-2,3-1 മുതൽ3-10 വരെ |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-7/345/20 തീയതി. 17.06.2020 | 8 | 1-11,1-12,1-13,1-14,1-15,1-24,1-25,3-1 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്